## പതിനാലാം കേരളനിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5292** **23.05.2017 ൽ മറുപടിയ്ക്ക്**

### ത്രിതല പഞ്ചായത്തുകളിൽ ആവശ്യമായ എൽ.ഡി. ടൈപ്പിസ്റ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | ത്രിതല പഞ്ചായത്തുകളിൽ ആവശ്യമായ എൽ.ഡി. ടൈപ്പിസ്റ്റുകൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. പഞ്ചായത്ത് വകുപ്പിന് കീഴിൽ ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല. ജില്ലാപഞ്ചായത്തുകളിൽ മാത്രമാണ് ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുള്ളത്. ഗ്രാമവികസന വകുപ്പിന് കീഴിലുള്ള അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുണ്ട്. |
| (ബി) | എൽ.ഡി. ടൈപ്പിസ്റ്റുകൾ നിലവിലില്ലാത്ത ത്രിതല പഞ്ചായത്തുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക്, പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക്, കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക്, എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക്, കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക്. |
| (സി) | ഒഴിവുള്ള പ്രസ്തുത തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനുമായി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) | പ്രസ്തുത ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിലവിലുള്ള, റീ ഡിപ്ലോയ്മെന്റ് വഴി നിയമിക്കുന്ന എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദാമാക്കാമോ; | (ഡി) | മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിലെ റീ ഡിപ്ലോയ്മെന്റ് ക്ലറിക്കൽ തസ്തികയിലെ ഒഴിവ് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത തസ്തികകൾ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ നിർത്തലാക്കുന്നതിനും പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഇ) | പി.എസ്.സി മുഖാന്തിരം വിവിധ വകുപ്പുകളിൽ നിയമിക്കപ്പെട്ടുന്നവർ തന്നെയാണ് റീ ഡിപ്ലോയ്മെന്റ് ക്ലറിക്കൽ തസ്തികയിൽ മാറ്റി നിയമിക്കപ്പെട്ടുന്നത്. |

സെക്ഷൻ ഓഫീസർ